നം: എ4/102/11/റ്റിബിഒ.

പാഠപുസ്തക ആഫീസറുടെ കാര്യാലയം,
പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം,
തീയതി: 7/7/2011.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-പാഠപുസ്തക വിതരണം 2011-12-അടിയന്തിര നടപടികൾ കൈക്കൊള്ളുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

സൂചന:- 6.7.11-ന് ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട വീഡിയോ കോൺഫറൻസിലെ തീരുമാനങ്ങൾ.

സൂചനയിലെ വീഡിയോ കോൺഫറൻസിലേക്കും ബഹു.പൊതുവിദ്യാഭ്യാസ സെക്രട്ടറി നൽകിയ നിർദ്ദേശങ്ങളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. അതോടൊപ്പം 2011-12 വർഷത്തെ പാഠപുസ്തക വിതരണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനായി കൈക്കൊണ്ട തീരുമാനങ്ങൾ അറിവിലേക്കും അനന്തര നടപടികൾക്കുമായി ചുവടെ ചേർക്കുന്നു.

**1. ലഭിച്ച പുസ്തകങ്ങൾ അറിയിക്കുന്നത്:-**

ഓരോ സ്കൂളും തങ്ങൾക്ക് ലഭിച്ച പാഠപുസ്തകങ്ങളുടെ ഇനം തിരിച്ച ലിസ്റ്റ് ഓൺലൈനായി നൽകുന്നതിനായി നിശ്ചയിച്ച സമയപരിധി അവസാനിച്ചിട്ടും ഒട്ടേറെ സ്കൂളുകൾ പ്രസ്തുത വിവരങ്ങൾ ഇനിയും നൽകാനുണ്ടെന്ന് മനസ്സിലാക്കുന്നു. നൽകിയ വിവരങ്ങൾ തന്നെ അപൂർണ്ണവും അവ്യക്തവുമായിരുന്ന അനവധി ഉദാഹരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള തെറ്റുകൾ വന്നതുകൊണ്ട് പുസ്തക വിതരണത്തിന്റെ കൃത്യത ലഭ്യമാക്കുന്നില്ല. ആയതിനാൽ എല്ലാ സ്കൂളുകളും കൃത്യമായി ഓർഡർ നൽകുന്നതിന് ഒരവസരം കൂടി താഴെപ്പറയന്ന ഷെഡ്യൂൾ പ്രകാരം നൽകുന്നു.

| **തീയതി** | **റവന്യൂ ജില്ലകൾ** |
|---|---|
| 7.7.2011 | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് |
| 8.7.2011 | മലപ്പുറം, പാലക്കാട്, കോട്ടയം, കൊല്ലം |
| 9.7.2011 – 10.7.2011 | ഈ അവധി ദിവസങ്ങളിൽ മേൽപ്പറഞ്ഞ ജില്ലയിലെ സ്കൂളുകൾക്ക് നൽകിയ ഓർഡറുകൾ വീണ്ടും പരിശോധിക്കാനും മാറ്റങ്ങൾ എന്തെങ്കിലും വേണമെങ്കിൽ വരുത്താനും കഴിയും. |
| 11.7.2011 | തൃശ്ശൂർ, എറണാകുളം, ഇടുക്കി, വയനാട് |
| 12.7.2011 | ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം |

ഓരോ റവന്യൂ ജില്ലയിലും പെട്ട സ്കൂളുകൾക്ക് അതാത് ദിവസങ്ങളിൽ മാത്രമേ ഓർഡർ നൽകാൻ കഴിയൂ. 5.7.2011-ന് അകം കൃത്യമായി ഓർഡർ നൽകിയവർ